## അഖിലകേരള ജ്യോതിശാസ്ത്രമണ്ഡലം സംസ്ഥാന സമ്മേളനം

കൊച്ചി : അഖിലകേരള ജ്യോതിശ്ശാസ്ത്രമണ്ഡലം സംസ്ഥാന വാർഷിക സമ്മേളനം 9, 10 തീയതികളിൽ തൃപ്പൂണിത്തുറ കളിക്കോട്ട കൊട്ടാരത്തിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.ശനിയാഴ്ച രാവിലെ 10ന് നടക്കുന്ന പൊതുസമ്മേളനം ജാർഖണ്ഡ് ഗവർണർ സി. പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ജ്യോതിശ്ശാസ്ത്ര മണ്ഡലം സംസ്ഥാന പ്രസിഡന്റും, ഗവണ്മെന്റ് അസ്ട്രോളജറും കൂടിയായ ഡോ. കെ. ബാലകൃഷ്ണ വാര്യർ അധ്യക്ഷത വഹിക്കും. പഞ്ചാംഗ ഗണിതവും ക്ഷേത്ര ആചാരങ്ങളും എന്ന വിഷയത്തിൽ പ്രബന്ധാവതരണവും ജാതകപ്പൊരുത്ത ചിന്തനയുടെ പ്രാധാന്യം എന്ന വിഷയത്തിൽ ചർച്ചയും നടക്കും. സംസ്ഥാന കൗൺസിൽ മീറ്റിംഗും, റിപ്പോർട്ട് അവതരണവും നടക്കും.വാർത്താ സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി ശ്രേയസ് എസ്. നമ്പൂതിരി, വി. ജെ. രാജ്മോഹൻ, ജയകൃഷ്ണൻ എസ്. വാര്യർ, വിജയ മേനോൻ എന്നിവർ അറിയിച്ചു.

## ഹാഫ് മാരത്തൺ നീന്തൽ സംഘടിപ്പിക്കും

കൊച്ചി : തൊടുപുഴയിലുള്ള ചിൽഡ്രൻസ് ഹോമിന്റെ നിർമ്മാണത്തിനുള്ള ധന സമാഹരണത്തിനായി വരാപ്പുഴ സ്വദേശിയും ഫിറ്റ്നസ് ട്രെയിനറുമായ 38കാരൻ ജിബി പീറ്റർ ഡിക്രൂസ് പെരിയാർ നദിക്കരയിലൂടെ 21 കിലോമീറ്റർ ദൂരം നീന്താനൊരുങ്ങുന്നു. കാലടി മുതൽ ആലുവ മണപ്പുറം വരെ നടക്കുന്ന ഹാഫ് മാരത്തോൺ നീന്തൽ മൽസരം 10ന് രാവിലെ 5.30ന് ആറാട്ടുകടവ് കാഞ്ഞൂരിൽ ജനസേവ ശിശുഭവൻ ചെയർമാൻ ജോസ് മാവേലി ഫ്ലാഗ് ഓഫ് ചെയ്യുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. അഡ്വൻചർ സിമ്മിംഗ് ഗ്രൂപ്പിലെ 8 അംഗങ്ങളും പങ്കെടുക്കും. പരിപാടി വൈകിട്ട് 5.30ന് ആലുവ മണപ്പുറത്ത് സമാപിക്കും. ഉളിയന്നൂർ റെസ്ക്യൂ സ്കൂബ ടീമാണ് മാരത്തണിന് ആവശ്യമായ ബോട്ടുകളും സുരക്ഷാ സജ്ജീകരണങ്ങളും നൽകുന്നത്. വാർത്താ സമ്മേളനത്തിൽ ജിബി പീറ്റർ ഡിക്രൂസ്,സാറാ തോമസ്,പ്രദീപ്കുമാർ മേനോൻ,ബിനീഷ് തോമസ്,സജീഷ് ജി. നായർ തുടങ്ങിയവർ പങ്കെടുത്തു.

## റോഡ് ഉപരോധിച്ചു

മട്ടാഞ്ചേരി: ഫോർട്ട്കൊച്ചി ചുങ്കം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമാണം ഇഴഞ്ഞ് നീങ്ങുന്നത് നാട്ടുകാർക്ക് ദുരിതമാകുന്നു. ഇത് മൂലം കനത്ത പൊടി ശല്യമാണ് ഇവിടെ. നാട്ടുകാരും കച്ചവടക്കാരും ഏറെ ദുരിതമാണ് അനുഭവിക്കുന്നത്. നിർമാണം ആരംഭിച്ച് വർഷങ്ങൾക്ക് ശേഷമാണ് ചുങ്കം പാലം നിർമാണം പൂർത്തീകരിച്ചത്.നിർമാണം പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡ് നിർമാണത്തിന്റെ വേഗത ഒച്ചിഴയുന്നത് പോലെയാണ്. ഇത് മൂലം വാഹനങ്ങളും ഇതിലൂടെ പ്രയാസപ്പെട്ടാണ് സർവീസ് നടത്തുന്നത്.ടൂറിസം മേഖല കൂടിയായ ഈ ഭാഗത്തേക്ക് ഓട്ടം വിളിച്ചാൽ വാഹനങ്ങൾ വരാത്ത അവസ്ഥയാണ്.പൊടിശല്യം മൂലം കടകൾ പലതും മാസങ്ങളായി അടച്ചിട്ടിരിക്കുകയാണ്. സംഭവത്തിൽ പ്രതിഷേധിച്ച് ജനകീയ സമിതിയുടെ നേതൃത്വത്തിൽ റോഡ് ഉപരോധിച്ചു. സമിതി കൺവീനർ എ.ജലാൽ സമരം ഉദ്ഘാടനം ചെയ്തു. സലീം ,അർഷാദ് ,അയ്യൂബ് എന്നിവർ നേതൃത്വം നൽകി.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല കംപ്യൂട്ടർ ആപ്ലിക്കേഷൻ വകുപ്പിൽ സംഘടിപ്പിച്ച ആറ് ദിവസത്തെ ഓൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ ആൻഡ് ലേണിങ് ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം കുസാറ്റ് ടെക്നോളജി ഫാക്കൽറ്റി ഡീനും ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിലെ പ്രൊഫസറുമായ ഡോ. എം കൈലാസനാഥ് ഉദ്ഘാടനം ചെയ്യുന്നു.

# ഒബിസിറ്റി സർജന്മാരുടെ ദേശീയ സമ്മേളനം ഇന്ന് മുതൽ പത്ത് വരെ കൊച്ചിയിൽ

കൊച്ചി: ഒബിസിറ്റി സർജറി സൊസൈറ്റി ഓഫ് ഇന്ത്യയുടെ 21-ാം ദേശീയ സമ്മേളനം ഫെബ്രുവരി ഇന്ന് മുതൽ പത്ത് വരെ കൊച്ചി ലേ മെറിഡിയനിൽ നടക്കും. കേരളത്തിൽ ആദ്യമായി നടക്കുന്ന ഒബിസിറ്റി സർജന്മാരുടെ സമ്മേളനം വി.പി.എസ് ലേക്ഷോർ ആശുപത്രിയുടെ മിനിമലി ഇൻവേസീവ് സർജറി വിഭാഗം, കീഹോൾ ക്ലിനിക്, വെർവൻഡൈൻ ഇൻസ്റ്റിറ്റ്യൂട്ട്, അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യ എന്നിവർ സംയുക്തമായാണ് സംഘടിപ്പിക്കുന്നത്.

ഏഴിന് ഇന്റർനാഷണൽ സൊസൈറ്റി ഓഫ് സർജൻസ് ഫോർ ഒബിസിറ്റി പ്രസിഡന്റ് ഡോ. ഗർഹാൾഡ് പ്രാഗർ(വിയന്ന) സമ്മേളനം ഉദ്ഘാടനം ചെയ്യും. സംഘാടക സമിതി ചെയർമാൻ ഡോ. ആർ പത്മകുമാർ അധ്യക്ഷത വഹിക്കും.ലേക്ഷോർ എം.ഡി എസ്.കെ അബ്ദുള്ള, അമേരിക്കൻ ബായാട്രിക് സൊസൈറ്റി അദ്ധ്യക്ഷ ഡോ. മറിനാ കുര്യൻ, മെറ്റബോളിക് സർജറി ഉപജ്ഞാതാവ് ഡോ. ഓറിയോ ഡിപോള (ബ്രസീൽ), ബ്രിട്ടീഷ് ഒബിസിറ്റി സൊസൈറ്റി അധ്യക്ഷൻ ഡോ. ജിം ബെറിൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ഒബിസിറ്റി സർജറി സൊസൈറ്റി ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് ഡോ. പ്രവീൺ രാജ് അധ്യക്ഷ പ്രസംഗം നടത്തും.

ഇന്ത്യയിലെയും വിദേശത്തെയും മുന്നൂറിലേറെ ഒബിസിറ്റി വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുക്കും. ഇന്റർനാഷണൽ ലക്ചേഴ്സ് വിഭാഗത്തിൽ ഇരുന്നൂറിലധികം പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടും. ഇതിൽ നൂറ്റമ്പത് പ്രബന്ധങ്ങൾ ഇന്ത്യയിൽ നിന്നുള്ളവയാണ്. ഫെബ്രുവരി ഏഴിന് വി.പി.എസ് ലേക്ഷോർ ആശുപത്രിയിൽ നടക്കുന്ന പ്രീകോൺഫറൻസ് സെമിനാറുകളിൽ ഒബിസിറ്റി മേഖലയിലെ എല്ലാ വിഭാഗം വിദഗ്ധരും പങ്കെടുക്കും. അന്ന് വൈകിട്ട് യുവസർജന്മാർക്ക് വേണ്ടി പ്രായോഗിക പരിശീലനത്തിനും സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്.

8, 9, 10 തിയതികളിലെ സമ്മേളനം ലേ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ വിവിധ ശസ്ത്രീയ സമ്മേളനങ്ങളോടെ നടത്തപ്പെടും. ഒബിസിറ്റി നിയന്ത്രത്തിലാക്കാനുള്ള മരുന്നുകൾ ജീവിതചര്യകൾ, ബലൂൺ ശസ്ത്രക്രിയകൾ, ശസ്ത്രക്രിയകൾ എന്നിവയിൽ അന്താരാഷ്ട്ര തലത്തിൽ വന്നിട്ടുള്ള പുരോഗതികൾ എല്ലാവരിലും എത്തിക്കുകയും ജനങ്ങൾക്ക് അവയുടെ പ്രയോജനം ലഭ്യമാക്കുകയുമാണ് ഈ സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ഓർഗനൈസിംഗ് ചെയർമാൻ ഡോ. ആർ പത്മകുമാർ, സെക്രട്ടറി ഡോ. മധുകർ പൈ, കോൺഫറൻസ് മാനേജർ പ്രേംന സുബിൻ എന്നിവർ വാർത്താക്കുറിപ്പിൽ അറിയിച്ചു.

## തുഷാറിന്റെ സ്ഥാനാർത്ഥിത്വം

# വെള്ളാപ്പള്ളി പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

കൊച്ചി : എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി. ശനിയാഴ്ച ഡൽഹി യിൽ പ്രധാനമന്ത്രിയുടെ വസതിയിലായിരുന്നു കൂടിക്കാഴ്ച. ലോക്സഭാ തെരഞ്ഞെടുപ്പ് അടുക്കവേ എസ്എൻഡിപിയുടെ അനകൂല നിലപാട് തേടിയുള്ള നീക്കമാണ് മോദി നടത്തുന്നത്.വെള്ളാപ്പള്ളി നടേശന്റെ, മകനും ബിഡിജെഎസ് സംസ്ഥാന അധ്യക്ഷനുമായ തുഷാർ വെള്ളാപ്പള്ളിയുടെ മകളുടെ വിവാഹ സൽക്കാര ചടങ്ങ് ഡൽഹിയിൽ നടത്തിയിരുന്നു. സ്വകാര്യ ഹോട്ടലിൽ കഴിഞ്ഞ വെള്ളിയാഴ്ച നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നദ്ദ. ജനസെക്രട്ടറി ബിഎൽ സന്തോഷ് തുടങ്ങിയ മുതിർന്ന ബിജെപി നേതാക്കൾ പങ്കെടുത്തിരുന്നു. അന്ന് വെള്ളാപ്പള്ളിയെ വീട്ടിലേക്ക് നരേന്ദ്രമോദി ക്ഷണിച്ചെന്നാണ് നേതാക്കൾ നല്കുന്ന സൂചന. ശനിയാഴ്ച ഉച്ചയോടെ പ്രധാനമന്ത്രിയുടെ ഔദ്യോ?ഗിക വസതിയിലെത്തിയ വെള്ളാപ്പള്ളി അര മണിക്കൂറോളം ചർച്ച നടത്തി. തുഷാറിന്റെ സ്ഥാനാർത്ഥിത്വം ഉൾപ്പടെയുള്ള രാഷ്ട്രീയ വിഷയങ്ങൾ ഉയർന്നു എന്നാണ് സൂചന. എസ്എൻഡിപി യോഗം രജിസ്ട്രേഷനിലെ സാങ്കേതിക വിഷയങ്ങളിലും നേതൃത്വം കേന്ദ്ര സർക്കാരിന്റെ സഹായം തേടുന്നുണ്ട്. എന്നാൽ ഇത് സൗഹൃദ സന്ദർശനം മാത്രമാണെന്നാണ് എസ്എൻഡിപി നേതൃത്വം പറയുന്നത്.

കൂടികാഴ്ചയെക്കുറിച്ച് എസ്എൻഡിപി ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല. ലോക്സഭാ തെരഞ്ഞെടുപ്പ് അടുക്കവെ എസ്എൻഡിപിയെ കൂടെ നിർത്താൻ ബിജെപി നീക്കം സജീവമാക്കിയതിന് പിന്നാലെയാണ് കൂടിക്കാഴ്ച. എൻഡിഎ സഖ്യത്തിലുള്ള ബിഡിജെഎസ് അഞ്ച് സീറ്റുകളാണ് ആവശ്യപ്പെട്ടിരിക്കുന്നത്. തുഷാർ വെള്ളാപ്പള്ളി കോട്ടയത്ത് മത്സരിക്കുമെന്നാണ് വിവരം.

എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളാപ്പള്ളി നടേശന്റെ ചെറുമകളും ബിഡിജെഎസ് അദ്ധ്യക്ഷൻ തുഷാർ വെള്ളാപ്പള്ളിയുടെ മകളുമായ ദേവികയുടെ ഡൽഹിയിൽ നടന്ന വിവാഹ സത്കാര ചടങ്ങിൽ പങ്കെടുത്ത പ്രധാന മന്ത്രി നരേന്ദ്ര മോദി ഡോ.അനൂപിനും ദേവികയ്ക്കുമൊപ്പം.തുഷാർ വെള്ളാപ്പള്ളി,പ്രീതി നടേശൻ,വെള്ളാപ്പള്ളി നടേശൻ,ആശ തുഷാർ,വന്ദന ശ്രീകുമാർ,ശ്രീകുമാർ,ദേവ് തുഷാർ,ജീവൻ എന്നിവർ സമീപം

## കണിച്ചുകുളങ്ങര ഉത്സവം: വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കും

ചേർത്തല: കണിച്ചുകുളങ്ങര ഉത്സവത്തിന് എല്ലാ സർക്കാർ വകുപ്പുകളുടെയും കൃത്യമായ ഏകോപനം ഉറപ്പാക്കുമെന്ന് പി.പി. ചിത്തരഞ്ജൻ എം.എൽ.എയുടെ നേതൃത്വത്തിൽ ചേർന്ന യോഗം തീരുമാനിച്ചു. ഫെബ്രുവരി 17 മുതൽ മാർച്ച് എട്ട് വരെയാണ് ഉത്സവം.വകുപ്പുകളുടെയും ദേവസ്വത്തിന്റെയും ഏകോപനം ഉറപ്പാക്കാൻ ലേയ്സൺ ഓഫീസറെ നിയോഗിച്ചു.

ഉത്സവ ദിവസങ്ങളിലെ തിരക്ക് നിയന്ത്രിക്കുന്നതിനും സുരക്ഷാക്രമീകരണത്തിനുമായി അധികമായി 400 പോലീസുകാരെ നിയോഗിച്ച് 24 മണിക്കൂറും സുരക്ഷ ഉറപ്പാക്കും. ചിക്കരക്കുട്ടികൾ താമസിക്കുന്ന മുറികളിൽ ഗ്യാസ് സിലിണ്ടർ ഉപയോഗിക്കുന്നവർ കൃത്യമായ സുരക്ഷാ നിർദേശങ്ങൾ പാലിക്കണമെന്നും സുരക്ഷാ പരിശോധന നടത്തുമെന്നും അഗ്നിരക്ഷാസേന ഉദ്യോഗസ്ഥൻ അറിയിച്ചു. വ്യാജമദ്യം, നിരോധിത പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പന, വ്യാപനം എന്നിവ തടയുന്നതിനായി സമീപ പ്രദേശങ്ങളിൽ എക്സൈസ് പരിശോധന നടത്തും.

പൊതുജന ആരോഗ്യത്തിനായി ആയുർവേദം, അലോപ്പതി, ഹോമിയോ വിഭാഗങ്ങളുടെ സേവനവും ലഭ്യമാക്കും. ചിക്കര മുറികളിൽ പാലിക്കേണ്ട ആരോഗ്യ കാര്യങ്ങളെകുറിച്ച് ആശാപ്രവർത്തകരും ആരോഗ്യ പ്രവർത്തകരും മുറികൾ സന്ദർശിച്ച് നിർദ്ദേശം നൽകും. ക്ഷേത്ര പരിസരത്തെ വീടുകളിലെ കിണറുകളിൽ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ ക്ലോറിനേഷൻ നടത്തും. ആഹാര പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന കടക്കാർക്ക് ആരോഗ്യ കാർഡ് നിർബന്ധമാക്കും. ഭക്ഷ്യ സുരക്ഷയ്ക്കായി സ്പെഷ്യൽ സ്ക്വാഡ് ഉത്സവ ദിവസങ്ങളിൽ പ്രവർത്തിക്കും.യോഗത്തിൽ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.സുദർശന ഭായ്, വൈസ് പ്രസിഡന്റ് സി.സി ഷിബു, എ.ഡി.എം വിനോദ് രാജ്, ചേർത്തല തഹസിൽദാർ കെ. എം. നാസർ, സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി പി.എം ബൈജു, കണിച്ചുകുളങ്ങര ദേവസ്വം സെക്രട്ടറി പി. കെ ധനേശൻ, ക്ഷേത്ര ഭരണ സമിതി അംഗങ്ങൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# എച്ച്എസ്എസ്ടിഎ സംസ്ഥാന സമ്മേളനത്തിന് ഇന്ന് തുടക്കം

കൊച്ചി : സർക്കാർ ഹയർ സെക്കൻഡറി മേഖലയിലെ അധ്യാപക സംഘടനയായ ഡിപ്പാർട്ടുമെന്റ് ൽ ഹയർസെക്കന്ററി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷന്റെ മുപ്പത്തി മൂന്നാമത് സംസ്ഥാന സമ്മേളനത്തിന് ബുധനാഴ്ച തുടക്കമാകും. മൂന്ന് ദിവസങ്ങളിലായി കൗൺസിൽ യോഗങ്ങൾ, മാധ്യമ- വിദ്യാഭ്യാസ സെമിനാറുകൾ, പ്രതിനിധി സമ്മേളനം, വിദ്യാഭ്യാസ - സാംസ്കാരിക സമ്മേളനം, പൊതുസമ്മേളനം, സംസ്ഥാന സമിതി യോഗം, അധ്യാപക പരിശീലനപരിപാടികൾ എന്നിവ നടക്കുമെന്ന് സംഘടനാ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇന്ന് രാവിലെ എറണാകുളം അധ്യാപക ഭവനിൽ സംഘടനാ ചർച്ചകൾ നടക്കും. ഉച്ചക്ക് 2.30 ന് ചവറ കൾച്ചറൽ സെന്ററിൽ മാധ്യമ വിദ്യാഭ്യാസ സെമിനാറും വൈകിട്ട് 6.30 ന് സമ്പൂർണ സംസ്ഥാന കൗൺസിലും നടക്കും. വ്യാഴാഴ്ച രാവിലെ കലൂർ റെനൈ ഹാളിൽ പ്രതിനിധിസമ്മേളനം അൻവർ സാദത്ത് എംഎൽഎ ഉദ്ഘാടനം ചെയ്യും. തുടർന്ന് സാംസ്കാരിക സമ്മേളനം കെ. ബാബു എംഎൽഎ യും11.30 ന് നടക്കുന്ന പൊതു സമ്മേളനം പ്രതിപക്ഷ നേതാവ് വി. ഡി.സതീശനും ഉദ്ഘാടനം ചെയ്യും. തുടർന്ന് യാത്രയയപ്പ് അനുമോദന സമ്മേളനം നടക്കും. സമാപനദിവസമായ വെള്ളിയാഴ്ച രാവിലെ 10 ന്അധ്യാപക ഭവനിൽ വിദ്യാഭ്യാസ സെമിനാർ നടക്കും. ഉച്ചകഴിഞ്ഞ് 2 ന് സമാപന സമ്മേളനവും നടക്കും. വാർത്താസമ്മേളനത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി അനിൽ എം. ജോർജ്, സി നോജ് ജോർജ്,വി.ജെ. ജോസഫ് എന്നിവർ പങ്കെടുത്തു.

# സോഷ്യലിസ്റ്റ് ആചാര്യ പുരസ്കാര സമർപ്പണം 10ന്

കൊച്ചി: തമ്പാൻ തോമസ് ഫൗണ്ടേഷന്റെ 2024 ലെ സോഷ്യലിസ്റ്റ് ആചാര്യ ദേശീയ പുരസ്കാരം സ്വാതന്ത്ര്യ സമര സേനാനി ഡോ.ജി ജി പരേഖിന്. 10ന് രാവിലെ 10.30ന് എറണാകുളം ശ്രീനാരായണ സൗധം ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നിയമസഭ മുൻ സ്പീക്കർ വി. എം സുധീരൻ സമ്മേളനം ഉദ്ഘാടനം ചെയ്യും.മുൻ എം പി തമ്പാൻ തോമസ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. മഗ്സസേ അവാർഡ് ജേതാവും സോഷ്യലിസ്റ്റ് പാർട്ടി ഇന്ത്യ ജനറൽ സെക്രട്ടറിയുമായ ഡോ.സന്ദീപ് പാണ്ഡേ മുഖ്യപ്രഭാഷണം നടത്തും. കർണാടക മുൻ സാംസ്കാരിക മന്ത്രി പ്രശസ്ത എഴുത്തുകാരി ഡോ.ലളിത നായിക് ,ഡൽഹി യൂണിവേഴ്സിറ്റി പ്രൊഫ.ശ്യാം ഗംഭീർ, മുൻ എംഎൽഎ ടി. എ അഹമ്മദ് കബീർ, അഡ്വ. എൻ. ഡി പ്രേമചന്ദ്രൻ എന്നിവർ സംസാരിക്കും.50000 രൂപയും, പ്രശസ്തി പത്രവും, ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. സ്വാതന്ത്ര്യ സമര സേനാനിയും, ജീവിച്ചിരിക്കുന്ന ഏറ്റവും മുതിർന്ന സോഷ്യലിസ്റ്റുമാണ് ജി. ജി പരീഖ്. മഹാത്മാഗാന്ധിയുടെ ആഹ്വാന പ്രകാരം വിദ്യാർത്ഥിയായിരിക്കെ കിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്ത അദ്ദേഹം പൊലീസിന്റെ കടുത്ത മർദ്ദനങ്ങൾക്കും ജയിൽവാസത്തിനും ഇരയായിട്ടുള്ള ജി ജി പരിഖ് നൂറാം വയസ്സിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. അടിസ്ഥാന ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച ഡോക്ടർ ജിജി വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ സജീവ സാന്നിദ്ധ്യമാണ്. വാർത്താ സമ്മേളനത്തിൽ തമ്പാൻ തോമസ്, എം.വി ലോറൻസ് , ജോയി ശങ്കർ എന്നിവർ പങ്കെടുത്തു.

# സംഘർഷത്തിൽ കൗൺസിലർക്ക് പരുക്ക്

അങ്കമാലി: സംഘർഷത്തിൽ അങ്കമാലി നഗരസഭാ കൗൺലർ വിൽസൺ മുണ്ടാടനും ഫെബിൻ, റിജോ എന്നി മറ്റു പേർക്കും പരുക്കേറ്റു .

പരുക്കേറ്റവർ അങ്കമാലി ആശുപത്രിയിൽ ചികിത്സയിലാണ്. വിൽസന്റെ മുഖത്തും തലയിലുമാണ് പരുക്ക്. ഇതിനെ ചോദ്യം ചെയ്തതിനെ തുടർന്നാണ് മറ്റ് രണ്ടു പേർക്കും പരുക്ക് പറ്റിയതെന്ന് പറയപ്പെടുന്നു . പൊലിസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു

# വേൾഡ് വൈഡ് ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടംപിടിക്കാൻ അഭിനന്ദ് ഉമേഷ്

കൊച്ചി :കൈകൾ കെട്ടിയിട്ടു ഏഴ് കിലോമീറ്ററോളം ആഴമേറിയ വേമ്പനാട്ട് കായൽ നീന്തികടക്കാൻ ഡോൾഫിൻ അക്വാട്ടിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരുങ്ങുകയാണ് പന്ത്രണ്ടുകാരനായ അഭിനന്ദ് ഉമേഷ്.ഫെബ്രുവരി പത്തിന് വേമ്പനാട്ട് കായലിൽ ആലപ്പുഴ അമ്പലക്കടവ് വടക്കും കരയിൽ നിന്ന് കോട്ടയം ജില്ലയിലെ വൈക്കം ബീച് വരെയാണ് അഭിനന്ദ് നീന്തുന്നത്.പെരുമ്പാവൂർ പട്ടാൽ ഉമേഷ് ഭവനിൽ ഉമേഷ് ഉണ്ണികൃഷ്ണന്റെയും, ദിവ്യ ഉമേഷിന്റെയും മകനാണ് അഭിനന്ദ്.ആദ്യമായിട്ടാണ് ഏഴ് കിലോമീറ്റർ കായൽ ദൂരം ഇരു കൈകളും കെട്ടി നീന്തി റെക്കോർഡ് നേടാൻ പോകുന്നത്. ഇതുവരെയുള്ള റെക്കോർഡ് 4.5 മീറ്റർ ദൂരമാണ്. കാലാവസ്ഥ അനുകൂലമാണെങ്കിൽ അഭിനന്ദ് ഉമേഷ് രണ്ട് മണിക്കൂർ കൊണ്ട് നീന്തി കടക്കുമെന്ന് പ്രോഗ്രാം കോർഡിനേറ്റർ ഷിഹാബ് സൈനു വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

## അനുസ്മരണ സമ്മേളനം വിസ്മയോത്സവം

കൊച്ചി : കേരളത്തിന്റെ മാന്ത്രികമുത്തച്ഛൻ പ്രൊഫ: വാഴകുന്നം നമ്പൂതിരിയുടെ 41-ാമത് അനുസ്മരണ സമ്മേളനം വെള്ളിയാഴ്ച എറണാകുളം വിമൻസ് അസ്സോസിയേഷൻ ഹാളിൽ വച്ച് നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

രാവിലെ 9 മണിക്ക് യുഗാമി ക്ലബ്ബ് പ്രസിഡന്റ് ജലീൽ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മേയർ അനിൽകുമാർ ഉദ്ഘാടനം നിർവ്വഹിക്കും. വാഴകുന്നം നമ്പൂതിരിയുടെ മകൻ തുളസീദാസ് രാജയേയും, പ്രധാന ശിഷ്യൻ തിരുവേഗപ്പുറ രാഘവനേയും ആദരിക്കും.

എഴുത്തുകാരനും പ്രഭാഷകനുമായ ചന്ദ്രസേനൻ മിത്യമല വാഴകുന്നം നമ്പൂതിരിയെ അനുസ്മരിച്ച് പ്രഭാഷണം നടത്തും. തുടർന്ന് യുഗാമി എവർറോളിങ്ങ് ട്രോഫിക്കു വേണ്ടിയുള്ള അഖില കേരള മായാജാലമത്സരവും, മജിഷ്യൻമാർക്കായി ശ്രീ. രാജമൂർത്തി തിരുവനന്തപുരവും, മെന്റലിസ്റ്റ് നിപിൻ നിരവത്തിന്റെയും ക്ലാസുകളും നടക്കും. വൈകിട്ട് 6.30 മുതൽ പ്രശസ്ത മജിഷ്യന്മാർ അവതരിപ്പിക്കുന്ന 'ഗാലാഷോ'നടക്കും.

സ്വർണ്ണ ലേല അറിയിപ്പ് GEO VPL FINANCE PVT LTD, Regd.Off:16/1265, GEO VPL Complex, Opp. St. Sebastian Church, Thoppumpady, Cochin, 682005, Ph: 0484 4210420/23, CIN: U65910KL1995PTC009306

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ താഴെ പറയുന്ന വായ്പാ നമ്പറുകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണ ഉരുപടികൾ അതാത് ഇപാടുകാരെ കാലാവധിക്ക് ശേഷം ലെജിസ്ലേറ്റീവ് മെട്രോളജി അറിയിച്ചിട്ടും ഇന്നേവരെ പലിശയും മുതലും അടച്ചു തീരിച്ചെടുക്കുകയോ, പുതുക്കി വെയ്ക്കുകയോ ചെയ്യാത്തത് കൊണ്ട് 07/03/2024 ഉച്ചയ്ക്ക് 3 മണിക്ക് പരസ്യമായി ലേലം ചെയ്യുന്നതായിരിക്കും എന്ന് ഇതിനാൽ അറിയിച്ചിരിക്കുന്നു. ഈ പരസ്യം കണ്ട് സ്വർണ പണയങ്ങൾ തിരിച്ചെടുക്കുകയോ പുതുക്കി വെയ്ക്കുകയോ ചെയ്യുന്നതിനുള്ള അവസാന തീയതി 05/03/2024 -ന് ആണ് എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. കൊച്ചി താലൂക്കിലെ ശാഖകളുടെ പേരും വായ്പാ നമ്പറുകളും താഴെ കൊടുത്തിരിക്കുന്നു

**Kochi Region: M.N Thaacho Road, Thoppumpady:** 0201005001022 77,102996,104528, 104938,105017, 105365,105445,105630,105739,105897,107026,107037,107046,107153,107154,107175,107304, 0201183001034 59,0201271001036 96,103723,103860,0201221001049 62,0201226001045 12,105842, 105983,105984,0201242001043 05,105696,105725,105727,105803,106014,107133,0201244001044 89, 104881,0201247001041 77,105061,105108,0201283001056 66,106814,107528,107700,107814,

**Pyari Jn, Thoppumpady:** 0301005000075124,075285,078888,0301183000739 77,074410,074758,075245, 0301271000075622,0301221000076688,077060,077153,077154,077211,077764,077789,077883, 0301237000075063, 0301242000075921,076616,077055,077103,077873,078602,078773,0301245000076789, 076865,076870,077650,0301247000076267,076666,0301271000077249,0301275000077309,077356, 0301276000077918,077922,0301283000078056,078190,078407,078774,079290.**Chullikkal:** 0401005001591 66,160256,160463,160647,160968,161120,161275,161508,161510,161516,161639,161773,161879, 162012,162039,162312,162454,162459,162665,162726,162812,162846,162851,162905,163129,163201,163460, 163509,163534,163683,163846,164013,165615,165622,165664,165666,165668,165692,165722,165745,165779, 165780,165921,165939,165941,165969,165982,165994,166022,166023,166025,166044,166050,166100, 166246,166250,166380,166381,166456,166580,166589,0401183001568 77,0401271001566 45,157178,157292, 157294,157295,157296,157310,157343,157351,158203,158255,158328,159532,159577,0401221001634 09, 163903,0401242001640 32,0401244001602 14,160842,161053,161054,162331,0401247001601 67, 0401260001624 11,162500,162963,163900,163982,163991,164002,0401271001626 45,0401275001625 82, 162717,162815,162847,163561,163787,163891,163926,164001,164003,164081,0401276001637 62,164087, 164112,164117,164193,0401283001641 36,164458,164718,164996,165047,165063,165591,165673,165923, 165990,166019,166049,166137,166141,166176,166372,166502,166518,166689,166782,166799,166815,167588,

**Kunnumpuram:** 0501005001343 88,135179,135241,135751,135878,136033,138530,138535,138536,138600, 138601,138614,138680,138682,138907,138908,138968,138982,0501211001320 68,132069,0501221001348 38,